WRITTEN ANSWERS

ആഭ്യന്തരവകുപ്പുമന്ത്രിയുടെ ആഗ്രാസന്ദർശനം

* 303. [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തരവകുപ്പുമന്ത്രി ഈയിടെ ആഗ്രാ സന്ദർശിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഔദ്യോഗിക കാര്യങ്ങൾക്കായിട്ടുണ്ടോ അവിടെ പോയതു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ആഭ്യന്തരവകുപ്പുമന്ത്രി ഈയിടെ ആഗ്രാ സന്ദർശിക്കുകയുണ്ടായി.

(ബി) അതു് തികച്ചും സ്വകാര്യ സന്ദർശനമായിരുന്നു.

ശുദ്ധജലവിതരണം

* 304. [17] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിൽ പല പ്രദേശങ്ങളിലും പതിവായി ശുദ്ധജലം ലഭിക്കുന്നില്ലെന്നകാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ എന്തു നടപടികളും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു്;

(സി) അതിൻപ്രകാരമുള്ള പദ്ധതികളും പൂർത്തിയായി എന്നു മുതൽ ആവശ്യത്തിനുള്ള ശുദ്ധജല വിതരണം ചെയ്യാൻ ഗവണ്മെൻറിനു കഴിയും?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി വിപുലീകരിക്കുന്നതിനു 332 ലക്ഷം രൂപയുടെ ഒരു ദീർഘകാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. കൂടാതെ താൽകാലികനടപടി എന്ന നിലയിൽ ഒരു ഇടക്കാല ശുദ്ധജലവിപുലീകരണപദ്ധതിയുടെ പണികളും തീർന്നു വരുന്നു.

(സി) ഇടക്കാല വിപുലീകരണ പദ്ധതി കാലതാമസം കൂടാതെ പ്രവർത്തനമാരംഭിക്കും. ദീർഘകാല പദ്ധതി എന്നു നടപ്പിൽ വരുത്താൻ കഴിയുമെന്നു ഇപ്പോഴും പറയുക സാദ്ധ്യമല്ല.

പുതിയ റെയിൽവേ ലൈനുകൾ

* 305. [18] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനു് പുതിയതായി ഏതെല്ലാം റെയിൽവേ ലൈനുകൾ ആവശ്യപ്പെട്ടിട്ടുണ്ടു് ;

(ബി) അതിൽ ഏതെല്ലാം ലഭ്യമാകും ?

LIBRARY ARCHIVES Kerala Legislative Assembly